# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(p8)/1368/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 15/11/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(p8)/1368/23 തീയ്യതി: 15/11/2023

## എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-08-2023 | 22-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-08-2023 | 22-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മരുൺ മാത്യൂ,ഓഡിറ്റ് ഓഫീസർ
ശ്രീ.എൻ.എം.സജീവ് , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ജോർജ്ജ് ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സ്വപ്ന വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ആൻസി ജോസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ജഗദീഷ് എം.പി | സെക്രട്ടറി | 01-04-2022 | 22-05-2022 |
| ശ്രീമതി.ജയശ്രീ.എസ് | സെക്രട്ടറി | 23-05-2022 | 28-09-2022 |
| ശ്രീമതി.റോസമ്മ കെ.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-09-2022 | 11-10-2022 |
| ശ്രീ.ഷൈജു വർഗ്ഗീസ് | സെക്രട്ടറി | 12-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.റോസമ്മ കെ.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽകുമാർ ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ആരിഫ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ദീലീപ് കുമാർ.വി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലിജി പി.എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ജയമോൾ വി.ജെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.അന്ന വിശ്വം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 15-06-2022 |
| ഡോ.മിനിമോൾ കെ.ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 16-06-2022 | 31-03-2023 |
| ഡോ.സോമോൾ എബ്രഹാം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ദിവ്യ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 21-07-2022 |
| ശ്രീമതി.ആതിര ചന്ദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 22-07-2022 | 31-03-2023 |
| ശ്രീമതി.പി.കെ സുജാത | ഹെഡ്മിസ്ട്രസ് | 01-04-2022 | 08-06-2022 |
| ശ്രീമതി.സിന്നിയ ഡാനിയേൽ | ഹെഡ്മിസ്ട്രസ് | 09-06-2022 | 31-03-2023 |
| ഡോ.റാണി ലക്ഷ്മി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി തയ്യാറാക്കിയിട്ടില്ല. | 1-1-7 |
| 9 | സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-8 |
| 10 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-10 |
| 12 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ ഏർപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമപദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | തനതു ഫണ്ട് സമാഹരണം-പൊതു അവലോകനം | 1-11 |
| 23 | തൊഴിൽ നികുതി അപാകതകൾ | 1-12 |
| 24 | വസ്തു നികുതി -അപാകതകൾ | 1-13 |
| 25 | കെട്ടിടങ്ങളുടെ ക്രമവൽക്കരണം -തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-14 |
| 26 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-15 |

| | | |
|---|---|---|
| 27 | ലൈസൻസ് -അപാകതകൾ | 1-16 |
| 28 | വാടക കുടിശ്ശിക -തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-17 |
| 29 | ഓഡിറ്റ് ഇംപാക്റ്റ് | 1-18 |
| 30 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല | 1-19 |
| 31 | എസ്.എസ്.എ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-20 |
| 32 | ക്യാൻസർ കെയർ- പദ്ധതിക്കായി ചെലവഴിച്ച തുകയുടെ രേഖകൾ ലഭ്യമാക്കിയില്ല | 1-21 |
| 33 | പാലിയേറ്റീവ് കെയർ- മരുന്ന് വാങ്ങലിനായി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-22 |
| 34 | എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം- പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ | 1-23 |
| 35 | പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല | 1-24 |
| 36 | ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം | 1-25 |
| 37 | വാതിൽപ്പടി സേവനം നടപ്പാക്കുന്നതിൽ വീഴ്ച | 1-26 |
| 38 | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ വെള്ളക്കരം അടവാക്കിയിട്ടും കുടിശ്ശിക കുറവ് ചെയ്തിട്ടില്ല | 1-27 |
| 39 | സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-28 |
| 40 | തരിശ് ഭൂമിയിൽ നെൽകൃഷി-മാർഗ്ഗരേഖനിബന്ധനകൾ പാലിച്ചില്ല | 1-29 |
| 41 | കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി -അപാകത | 1-30 |
| 42 | മൃഗാശുപത്രിയിലേക്ക് ഫർണീച്ചർ-കയറ്റിറക്ക് തുക നൽകി | 1-31 |
| 43 | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ നൽകിയതിലെ അപാകത | 1-32 |
| | ഭാഗം **2** | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് *മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത്* കമ്മിറ്റിയുടെ 27.06.2023 ലെ 2( 1)നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 01.08.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള *മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ* മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, *മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ* 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്
തീയതി: 15.11.2023

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹519330/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത്- ₹3182216/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-2 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ(എം.എസ്) 152/2011- ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖലാ ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൌണ്ട് ചെയ്യേണ്ടതാണ്.

1-1-4 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം, അക്കൗണ്ട്സ് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയി ഡിസിബി സ്റ്റേറ്റ്മെന്റ് രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്.

1-1-7 ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി തയ്യാറാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി തയ്യാറാക്കിയിട്ടില്ല. അതിനാൽ തനത് ഫണ്ടിൽ വരവുള്ളതും വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ളതുമായ ഡെപ്പോസിറ്റുകളുടെ വിവരവും ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യതയും ഓഡിറ്റിൽ പരിശോധിക്കാനായില്ല.

1-1-8 സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം 58956/-രൂപയും ജില്ല പഞ്ചായത്ത് വിഹിതം 131374/-രൂപയും നീക്കിയിരിപ്പുണ്ട്. ഈ തുക ഏതെല്ലാം പ്രോജക്ടുകൾക്കായി ലഭിച്ചിട്ടുള്ളതാണെന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

1-1-9 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ജീവനക്കാർക്ക് അഡ്വാൻസ് നൽകുന്നതും എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിലെ ചെലവുകൾക്ക് തനത്ഫണ്ട് നൽകുന്നതുമുൾപ്പടെയുള്ളവ രജിസ്റ്ററിൽ കൃത്യമായി ചേർത്തുവരുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-10 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഐ-18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് എക്സ്പെൻസ് ആയി രേഖപ്പെടുത്തിയ വിവിധ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജേണൽ എൻട്രികൾ പ്രകാരം അഡ്ജസ്റ്റ്മെന്റുകൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-11 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ ഏർപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വിവിധ ഇനങ്ങളിൽ ₹10793275/- കുടിശ്ശികയുണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011

/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011(ചട്ടം-58(4)എച്ച്) എന്നിവ പ്രകാരം ലഭിക്കുവാൻ സാധ്യതയില്ലാത്ത തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ ഏർപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

ബജറ്റ്

ഭരണസമിതിയുടെ 24.3.22ലെ 1/1 നമ്പർ തീരുമാന പ്രകാരം ബജറ്റും, 10.03.23ലെ 1/1 നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചു. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1571312 | 16344017 |
| വരവ് | 172610000 | 161086000 |
| ആകെ | 174181312 | 177430017 |
| ചെലവ് | 171905000 | 165715194 |
| നീക്കിയിരിപ്പ് | 2276312 | 11714823 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹18607426.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹35291727.00 |
| ആകെ | : | ₹53899153.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹34772397.00 |
| നീക്കിയിരുപ്പ് | : | ₹19126756.00 |

ഈ ഖണ്ഡികയിൽ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടേയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ്(₹) | അലോട്ട്മെന്റ് പ്രകാരം വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരുപ്പ്(₹) | ചെലവഴിക്കാതെ ലാപ്സായ തുക(₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9277634 | 9277634 | 7791361 | | 1486273 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3388968 | 3388968 | 3013955 | | 375013 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 170000 | 170000 | 154000 | | 16000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7948000 | 7948000 | 6555707 | | 1392293 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4570,000 | 4570,000 | 4179316 | | 390684 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) | 0 | 619732 | 619732 | 572106 | | 47626 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) | 206937 | 1989293 [1861000 (Allotment) 128293(int)] | 2196230 | 830815 | 1365415 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | - | 1674061 | 1674061 | 780010 | | 894051 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 2695000 | 2791000 | 5486000 | 2965657 | 2520343 | |
| ഐസി ഡി എ സ് 320100196 | 398833 | 944852 | 1343685 | 202887 | 1140798 | |
| പശ്ചിമഘട്ട വികസനം 320100186 | 36332 | 1468 | 37800 | - | 37800 | |
| ശുചിത്വ മിഷൻ 320100198 | 310559 | --- | 310559 | 20000 | 290559 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | 442006 | 0 | 442006 | --- | 442006 | |
| ജലനിധി 320300102 | 10000 | 0 | 10000 | - | 10,000 | |
| ടോട്ടൽ സാനിട്ടേഷൻ 320100181 | 313825 | 16184 | 330009 | - | 330009 | |
| ടി എസ് സി 320300103 | 30213 | - | 30213 | - | 30213 | |
| ഹെൽത്ത്ഗ്രാന്റ് വികസനം 320100201 | | 81142 | 81142 | - | 81142 | |
| ഹെൽത്ത്ഗ്രാന്റ് അടിസ്ഥാന സൗകര്യ വികസനം 320100202 | | 210707 | 210707 | 80789 | 129918 | |
| ഹോമിയോപതി ഫണ്ട് 320200208 | | 500000 | 500000 | - | 500,000 | |

| ഫണ്ടിനം | ജി ഒ പ്രൊജക്ട് |
|---|---|
| വികസന ഫണ്ട് (ജനറൽ) | ₹1315366/- |
| വികസന ഫണ്ട് ( എസ് സി പി) | ₹157032/- |

നോട്ട്

ധനകാര്യ കമ്മീഷൻ അവാർഡ് (Untied, Tied) ഇനത്തിൽ മുൻവർഷം നീക്കിയിരിപ്പുള്ള തുകകൾ കൂടി

തൻ വർഷം ചെലവ് വന്നതിനാൽ സുലേഖ, എ.സി.ആർ എന്നിവയിലെ ഈ ഇനത്തിലെ ചെലവുകളും I
-6 ലെ ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത്/ പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 154 | 65385324 | 119 | 37381844 | 0 | 35 | 77.27% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരുപ്പ്(₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 282 | 1434051 | 1434333 | 1433362 | 971 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 12433121 | 12433121 | 12433121 | 0 |
| ആകെ | 282 | 13867172 | 13867454 | 13866483 | 971 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപെൻഷൻ | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | | |
| കർഷക തൊഴിലാളി പെൻഷൻ | 1379000 | 126 |
| വാർദ്ധക്യകാലപെൻഷൻ | 13428600 | 1302 |
| വിധവാപെൻഷൻ | 6305400 | 591 |
| വികലാംഗപെൻഷൻ | 1589000 | 149 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 345600 | 31 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30,000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2023 തീയതിയിൽ ഉച്ചയ്ക്ക് 3.45 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹35431/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യൂയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.12.2021 മുതൽ 29.12.2021 വരെ | 01.11.2020 മുതൽ 31.10.2021 വരെ | 22.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.06.2007 മുതൽ 27.06.2007 വരെ | 1997-98 മുതൽ 2006-07 വരെ | 30.07.2007 |

## 1-11 തനത് ഫണ്ട് സമാഹരണം-പൊതു അവലോകനം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 05.04.2023 ലെ സ.ഉ 25/2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 28.04.2023, 10.05.2023, 17.05.2023 എന്നീ തീയതികളിലാണ് യോഗം ചേർന്നിട്ടുള്ളത്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് താൽക്കാലികമായി നിശ്ചയിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 19.05.2023 ലെ 2(1) ാം നമ്പർ തീരുമാനപ്രകാരം 16.06.23 തീയതിയിൽ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 14.08.23 ലെ 4(1)ാം നമ്പർ തീരുമാന പ്രകാരം വസ്തുനികുതി നിരക്കുകൾ അന്തിമമായി തീരുമാനിച്ചിട്ടുണ്ട്. വസ്തുനികുതിയുടെ പുതുക്കിയ നിരക്ക് നാളിതുവരെ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

എല്ലാ വർഷവും വസ്തു നികുതി നിരക്കിൽ 5% വർദ്ധനവ് വരുത്തുന്നതിന് 17.05.2023ലെ കമ്മറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്(തീരുമാനം.1). ഇപ്രകാരം പുതുക്കിയ നിരക്കിലാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലവിൽ നികുതി സ്വീകരിക്കുന്നത്.

2022-23 സാമ്പത്തിക വർഷത്തിൽ 100% നികുതി പിരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ 13 വാർഡുകളിലും 2023 ജനുവരി 20, 21, 23, 24, 25, 27 തീയതികളിൽ ക്യാമ്പ് കളക്ഷൻ നടത്തി. 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതു സംബന്ധിച്ച് 10.05.22, 19.08.2022, 22.11.22 എന്നീ തീയതികളിൽ ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്.

FTEA&O വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്നാണ് . ആയതിൻ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസും മാലിന്യസംസ്കരണവും ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ 25.03.2023, 25.07.2023, 05.08.2023 എന്നീ തീയതികളിൽ ഫീൽഡ് പരിശോധന നടത്തി ലൈസൻസ് എടുപ്പിച്ച് പിഴ തുകയടക്കം ഈടാക്കിയിട്ടുണ്ട്.

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നിട്ടുണ്ട്. ഇതിൻ പ്രകാരം ചട്ടം 10ലെ പട്ടിക II പ്രകാരം ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്തിയിരുന്നത് മാറ്റി സ്ഥാപനങ്ങളെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി

തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കിയിട്ടുണ്ട്. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററും, അപേക്ഷകളും, ഫയലുകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം പരിശോധിച്ച് ലൈസൻസ് ഫീസ് ഗ്രാമപഞ്ചായത്ത് കമ്മറ്റി നിശ്ചയിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസ് വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ഓഡിറ്റ് റിപ്പോർട്ടിൽ പ്രത്യേക ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

വാടക കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി 02.03.2023 ൽ യോഗം കൂടിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന് വാടകയിനത്തിൽ കുടിശ്ശികയായി ലഭിക്കുവാനുള്ള ₹67480/- ഈടാക്കുന്നതിന് നാളിതു വരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വിനോദനികുതി ഈടാക്കുന്നതിനുള്ള ഉത്തരവിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235എഎ(1) പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിന് വേണ്ടി 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1,2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി ചട്ടപ്രകാരമുള്ള വസ്തുനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ ജിവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. കൂടാതെ ഈടാക്കിയ തൊഴിൽ നികുതിയിൽ കുറവും സംഭവിച്ചിട്ടുണ്ട്. വിശദവിവരം ഖണ്ഡിക നം.1-12ൽ ചേർത്തിട്ടുണ്ട്.

തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വസ്തുനികുതി, വാടക എന്നിവ ഈടാക്കേണ്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ആയവ യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി അപാകതകൾ

1)ഗ്രാമപഞ്ചായത്തിലെ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്/തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. | ജീവനക്കാരുടെ പേര്/തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം./അർദ്ധ വാർഷിക വരുമാനം | അർദ്ധവർഷം | ഈടാക്കിയ തൊഴിൽ നികുതി/രസീതു നം. | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|---|
| 1 | കാർമൽ പബ്ലിക് സ്കൂൾ/23 | രഞ്ജിത.പി.ആർ/65 77200 | ഒന്നാം അർദ്ധവർഷം | ₹600/- 1220101544/ 30.08.2022 | 750 | 150 |
| | | ബിജിമോൾ/12 102900 | രണ്ടാം അർദ്ധവർഷം | ₹750/- 1220105409/ 01.03.23 | 1000 | 250 |
| | | നീതു ഫ്രാൻസിസ് /13 102300 | രണ്ടാം അർദ്ധവർഷം | ₹750/- 1220105408/ 01.03.23 | 1000 | 250 |
| | | ശ്രീജ മനോജ്/14 96600 | രണ്ടാം അർദ്ധവർഷം | ₹600/- 1220105408/ 01.03.23 | 750 | 150 |
| | | സിന്ധു സ്കറിയ /15 96000 | രണ്ടാം അർദ്ധവർഷം | ₹600/- 1220105408/ 01.03.23 | 750 | 150 |
| | | സോജ സി.എസ് /16 96000 | രണ്ടാം അർദ്ധവർഷം | ₹600/- 1220105408/ 01.03.23 | 750 | 150 |
| | | ഉത്തമൻ/5 75900 | രണ്ടാം അർദ്ധവർഷം | ₹600/- 1220105407/ 01.03.2023 | 750 | 150 |

| | | | | | | |
|---|---|---|---|---|---|---|
| 2 | ഫെഡറൽ ബാങ്ക് ,വാഴക്കുളം/35 | ജിഷ ജോർജ്/8 131556 | ഒന്നാം അർദ്ധവർഷം | ₹1000/- 1220101557/ 31.08.22 | 1250 | 250 |
| 3 | മിൽക്ക് കോ ഓപ്പറേറ്റീവ് സോസൈറ്റി ,മഞ്ഞള്ളൂർ/44 | ജീന സേവ്യർ/1 66000 | ഒന്നാം അർദ്ധവർഷം | ₹450/- 1220101101/ 30.09.22 | 600 | 150 |
| 4 | മൈക്രോൺ ടൂളിംഗ്, മടക്കത്താനം /53 | അഭിമന്യ കെ.എസ്/1 75500 | രണ്ടാം അർദ്ധവർഷം | ₹600/- 1220105034/ 13.03.23 | 750 | 150 |
| 5 | ന്യൂ കെയർ ഹൈജീൻ സോലൂഷൻസ് /55 | ലയ ഷൈജൻ /54 54000 | രണ്ടാം അർദ്ധവർഷം | ₹300/- 1220105376/ 28.02.23 | 450 | 150 |
| 6 | ചന്തു ഫ്യുവൽസ്/63 | അഭിജിത്ത്/2 60000 | ഒന്നാം അർദ്ധവർഷം | ₹450/- 1220102128/ 12.10.22 | 600 | 150 |
| | | ഗോപി/3 60000 | ഒന്നാം അർദ്ധവർഷം | ₹450/- 1220102128/ 12.10.22 | 600 | 150 |
| | | പോൾ/4 60000 | ഒന്നാം അർദ്ധവർഷം | ₹450/- 1220102128/ 12.10.22 | 600 | 150 |
| 7 | ഹോട്ടൽ വുഡ് ലാൻഡ്സ്/80 | രവി .എച്ച്.ആർ/2 102000 | ഒന്നും രണ്ടും അർദ്ധവർഷം | ₹1500(750+750) 1220105616/ 13.03.23 1220104975/ 10.02.23 | 2000 (1000+1000) | 500 |
| | ആകെ | | | | | 2900/- |

തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുക₹2900/- ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

2)ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി യിലെ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തേക്കുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | ജീവനക്കാരുടെ പേര്/തസ്തിക | അർദ്ധവാർഷിക വരുമാനം(ഒന്നാം അർദ്ധ വർഷം) | അർദ്ധവാർഷിക വരുമാനം(രണ്ടാം അർദ്ധ വർഷം) | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|
| 1 | ലയ ജോസ്/ഫാർമസിസ്റ്റ് | 119070/- | 121500 | 1000+1000=2000 |
| 2 | ഷാമിള .ടി.ജെ /ലാബ് ടെക്നിഷ്യൻ | ------ | 65450 | 600 |
| | ആകെ | | | 2600/- |

3) താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | ഏഷ്യൻ മെറ്റൽസ്/57 | 14 | രണ്ടാം അർദ്ധവർഷം |
| 2 | മിഥില ത്രെഡ്സ്/59 | 5 | രണ്ടാം അർദ്ധവർഷം |
| 3 | ഫ്രണ്ട്സ് ടിംബർ ഇൻഡസ്ട്രീസ്& സോ മിൽ/73 | 4 | ഒന്നാം അർദ്ധവർഷം |
| 4 | ഹോട്ടൽ സെൻട്രൽ ഫോർട്ട്,വാഴക്കുളം/76 | 7 | ഒന്നാം അർദ്ധവർഷം |

| | | | |
|---|---|---|---|
| 5 | ഫോർട്യൂൺ ടൊയോട്ട/85 | 55 | ഒന്നാം അർദ്ധവർഷം |
| 6 | കോർഡിനൽ ഗ്രാമീൺ ഡെവലപ്പ്മെന്റ് ഫൗണ്ടേഷൻ/88 | 3 | ഒന്നാം അർദ്ധവർഷം |
| 7 | മലനാട് ടീ ഫാർമേഴ്സ് സോസൈറ്റി/89 | 11 | ഒന്നാം അർദ്ധവർഷം |
| 8 | റാഡ് ഇന്ത്യ ഫാഷൻസ്/92 | 6 | രണ്ടാം അർദ്ധവർഷം |
| 9 | പുളിമൂട്ടിൽ ഫുഡ് & ബിവറേജസ്/100 | 11 | ഒന്നാം അർദ്ധവർഷം |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക്(നം.2/16.08.23,7/18.08.23) ലഭ്യമായ മറുപടിയിൽ അപാകതകൾ ചൂണ്ടിക്കാട്ടി സ്ഥാപനമേധാവികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തൊഴിൽ നികുതി ഒടുക്ക് വരുത്തിക്കഴിയുമ്പോൾ രസീത് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം. 1 ,2 എന്നിവയിലെ നഷ്ടം ഭാഗം 2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രമ നം. 1,2,3 ലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തു നികുതി -അപാകതകൾ

1) വസ്തു നികുതി രജിസ്റ്റർ പ്രകാരം ശ്രീമതി. ഷൈനി സുരേഷിന്റെ ഉടമസ്ഥതയിലുള്ള 10/318 A- നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 107.3 ച.മീറ്റർ വിസ്തീർണ്ണമാണുള്ളത്. ടി കെട്ടിടത്തെ 100ച.മീറ്ററിന് മുകളിലുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ വിഭാഗത്തിൽപ്പെടുത്തി ച.മീറ്ററിന് ₹60/- നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതിനു പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഗണത്തിൽ ഉൾപ്പെടുത്തി 2013 മുതൽ ചതുരശ്രമീറ്ററിന് ₹50/- നിരക്കിൽ വസ്തുനികുതി ഈടാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തു നികുതി (ച.മീറ്ററിന് ₹60/- നിരക്കിൽ) (20% വർദ്ധനവ്, ലൈബ്രറി സെസ്-5% ഉൾപ്പെടെ) | ഈടാക്കിയ വസ്തു നികുതി(ച.മീറ്ററിന് ₹50/- നിരക്കിൽ) (20%വർദ്ധനവ്, ലൈബ്രറി സെസ്-5% ഉൾപ്പെടെ ) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| 10/318A | 107.3(ച.മീ) | 107.3*60= 6438<br>6438+1288=7726<br>7726+386=8112 | 107.3*50=5365<br>5365+1073=6438<br>6438+322=6760 | 1352/- |

2) വസ്തു നികുതി രജിസ്റ്റർ പ്രകാരം രാഹുൽ സോണി, നെല്ലിക്കുന്നേൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 11/336 B നമ്പർ കെട്ടിടത്തിന് 147.85 ച.മീറ്റർ വിസ്തീർണ്ണമാണുള്ളത്. ടി സ്ഥാപനത്തിന് ലൈസൻസ് രജിസ്റ്റർ(നം.241) പ്രകാരം സോളിഡ് ബ്രിക്സ് നിർമ്മാണം എന്ന ഉപയോഗത്തിനായാണ് 2022-23 കാലയളവിൽ ലൈസൻസ് പുതുക്കിയിട്ടുള്ളത്. ഈ സ്ഥാപനത്തിന് 5 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ളതും 14 HP യുള്ള 4 എണ്ണം മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്നതുമാണ്. ടി കെട്ടിടത്തെ ഇതരവ്യവസായ ആവശ്യത്തിനുള്ളവയുടെ ഗണത്തിൽപ്പെടുത്തി ച.മീറ്ററിന് ₹60/- നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതിനു പകരം വ്യവസായ ആവശ്യത്തിനുള്ളവ - ഇഷ്ടിക ചൂള ഗണത്തിൽ ഉൾപ്പെടുത്തി 2021 മുതൽ ചതുരശ്രമീറ്ററിന് ₹20/- നിരക്കിൽ വസ്തുനികുതി ഈടാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കിയ വസ്തു നികുതി (ച.മീറ്ററിന് ₹20/- നിരക്കിൽ) (10%ഇളവ്, 5%ലൈബ്രറി സെസ്സ് ഉൾപ്പെടെ) സഞ്ചയസോഫ്റ്റ് വെയർ പ്രകാരം | ഈടാക്കേണ്ട വസ്തു നികുതി(ച.മീറ്ററിന് ₹60/- നിരക്കിൽ) (10%ഇളവ്, 5%ലൈബ്രറി സെസ്സ് ഉൾപ്പെടെ) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| 11/336B | 147.85(ച.മീ) | 147.85*20=₹2957/-<br>2957-296=₹2661/- | 147.85*60=₹8871/-<br>8871-887=₹7984/- | 8383-2794=₹5589/- |

| | | | | |
|---|---|---|---|---|
| | | 2661+133=₹2794/- | 7984+399=₹8383/- | |

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17/19.8.23) മറുപടി ലഭ്യമായിട്ടില്ല. ക്രമനം. 1, 2 ലെ വസ്തുനികുതിയിനത്തിൽ ഈടാക്കുവാനുള്ള തുക കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

1-14 കെട്ടിടങ്ങളുടെ ക്രമവൽക്കരണം -തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകളിലും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 (2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ, കെട്ടിടങ്ങളുടെ റെഗുലറൈസേഷനു വേണ്ടി ഗ്രാമപഞ്ചായത്തിൽ ലഭിച്ച താഴെപ്പറയുന്ന അപേക്ഷകളിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപേക്ഷകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷ നം, തീയതി, കെട്ടിട നം. | അപേക്ഷകന്റെ പേര് |
|---|---|---|
| 1 | 552/23, 28.01.2023, 8/17 | നൗഷാദ്, തോട്ടുങ്കൽ |
| 2 | 3222/23, 26.04.2023, 10/214A | ശ്രീജിത്ത് & വീണ |
| 3 | 3660/23, 24.05.2023, 12/10 | അനിൽ ജോസഫ് |
| 4 | 4031/23, 16.06.2023 | ബേബി ജോൺ |
| 5 | 4072/23, 20.06.2023 | ആന്റോ അഗസ്റ്റിൻ |
| 6 | 4104/23, 21.06.2023, 8/143 | പ്രതാപ് വില്യം |
| 7 | 4377/23, 10.07.2023 | ഡെഫിനി ജെയിംസ് |

മേൽ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട് ചട്ട പ്രകാരം സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കെട്ടിടം നാളിതു വരെയും ക്രമവൽക്കരിച്ച് വസ്തു നികുതി നിർണ്ണയിച്ചീടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനും കെട്ടിടത്തിന്റെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട തുടർ നടപടി വിവരങ്ങൾ അറിയിക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19/21.08.23) മറുപടി ലഭ്യമായിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235എഎ(1) പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിന് വേണ്ടി 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1,2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകേണ്ടതാണ്. മേൽ കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളാണെങ്കിൽ ആയതിന് മേൽ പറഞ്ഞിരിക്കുന്ന വകുപ്പ്, ചട്ടം എന്നിവ പ്രകാരം സ്വീകരിച്ച നടപടികളും അറിയിക്കേണ്ടതുമാണ്.

1-15 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | മൊബൈൽ ടവറിന്റെ പേര് /കെട്ടിട നം. | ഈടാക്കാനുള്ള നികുതി ,കാലയളവ് |
|---|---|---|
| 1 | 8/360 M, റിലയൻസ് ടെലിക്കോം ലിമിറ്റഡ് | 4725(2022 ഫസ്റ്റ് Half-2022 2nd Half) |
| 2 | 13/315 N, ഭാരതി എയർടെൽ | 7350(2022 ഫസ്റ്റ് Half-2022 2nd Half) |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനായി

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/20.8.23) മറുപടി ലഭ്യമായിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-16 ലൈസൻസ് -അപാകതകൾ

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നിട്ടുണ്ട്. ഇതിൻ പ്രകാരം ചട്ടം 10ലെ പട്ടിക II പ്രകാരം ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്തിയിരുന്നത് മാറ്റി സ്ഥാപനങ്ങളെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കിയിട്ടുണ്ട്. സേവന മേഖലയിൽ 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടിയിൽ അധികരിക്കാത്തതുമായ ഫീസ് ₹1000/- മുകളിലും ₹5000/- വരെയുമാണ്. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററും, അപേക്ഷകളും, ഫയലുകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ റിപ്പോർട്ട് ആയതിൽ ഉൾപ്പെടുത്തിയിട്ടില്ല.
ആയതിനാൽ ഗ്രാമപഞ്ചായത്തിന് ചുവടെ പറയും പ്രകാരം ലൈസൻസ് ഫീസിനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/ലൈസൻസ് നം. | മൂലധന നിക്ഷേപം/ ഉൾപ്പെടുന്ന മേഖല | ഈടാക്കിയ ലൈസൻസ് ഫീസ് /രസീത് നം. | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|
| 1 | സെന്റ് സെബാസ്റ്റ്യൻസ് വെയ്ബ്രിഡ്ജ്/ 13/2022-23 | 65 ലക്ഷം രൂപ /സ്മാൾ എന്റർപ്രൈസസ് ,സേവന മേഖല | ₹1000/- 62439010/ 10.3.2023 | ₹1000/- ന് മുകളിൽ ₹5000/- വരെ | ₹4000 വരെ |

ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക IIന് വിധേയമായി പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കുവാനും മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/18.8.23) ലഭ്യമായ മറുപടിയിൽ കുറവ് തുക ഈടാക്കുന്നതിന് സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ നടപ്പിലാക്കുന്നതിന് ഭരണസമിതി അതീവ ശ്രദ്ധപുലർത്തേണ്ടതും ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക IIന് വിധേയമായി പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-17 വാടക കുടിശ്ശിക -തുടർനടപടികൾ അറിയിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വാടകയിനത്തിൽ ₹67480/- കുടിശ്ശിക ലഭിക്കുവാനുണ്ട്. വാടകകുടിശ്ശിക ലഭിക്കുവാനുള്ളത് ഏതേത് കെട്ടിടങ്ങളുമായി ബന്ധപ്പെട്ടതാണെന്നും ആയത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/21.8.23) മറുപടി ലഭ്യമായിട്ടില്ല. വാടക കുടിശ്ശികയുള്ള കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങളും ആയത് ഈടാക്കുന്നതിന് ഭരണസമിതി സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ഓഡിറ്റ് ഇംപാക്ട്

1)ഗ്രാമപഞ്ചായത്തിലെ ലേല ഡയറിയും ലേലം രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ടെമ്പോസ്റ്റാന്റിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള നടത്തിപ്പിനായി ജിൽസ് ജോസഫ്, പാലമൂട്ടിൽ, നാഗപ്പുഴ എന്ന വ്യക്തി ₹11200/- ക്ക് ലേലം കൊണ്ടിട്ടുള്ളതാണ്. എന്നാൽ ലേല തുക പഞ്ചായത്തു ഫണ്ടിൽ അടച്ചിരുന്നില്ല. ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് (നം.06/17.8.23) രസീതു നമ്പർ 1230400082/G071407 തീയതി 18.08.2023 പ്രകാരം പിഴപ്പലിശയും ബാധകമായ ജി.എസ്.ടി യും ഉൾപ്പെടെ ₹12,888/- പഞ്ചായത്തു ഫണ്ടിൽ അടവാക്കി

2) ലൈസൻസ് ഫീസിനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ സെന്റ് ജോർജ് ഹോസ്പിറ്റലിൽ നിന്നും ഈടാക്കുവാനുണ്ടായിരുന്ന ₹5000/- ഓഡിറ്റ് എൻക്വയറിയെത്തുടർന്ന്(നം.08/18.08.23) രസീതു നം. 1230400124/G071407 തീയതി 22.08.23 പ്രകാരം പഞ്ചായത്തു ഫണ്ടിൽ അടവാക്കി .

1-19 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര്/നം | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ /4/22-23 |
| അടങ്കൽ തുക | ₹100000/-(മെയിന്റനൻസ് ഫണ്ട്,റോഡിതരം) |
| ചെലവ് തുക | ₹100000/-(മെയിന്റനൻസ് ഫണ്ട്,റോഡിതരം) |
| തുക/ബിൽ നം/ തീയതി | ലഭ്യമായിട്ടില്ല. |

മേൽ ബിൽ പ്രകാരം ഹോമിയോ മെഡിക്കൽ ഓഫീസർ 100000/-രൂപ മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും മരുന്നുകൾ നാളിതുവരെയും ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുള്ളതായി കാണുന്നില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/16.08.23) മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും എത്രയും പെട്ടെന്ന് മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് രേഖകൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക ₹100000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 എസ്.എസ്.എ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷം ഹെഡ്മിസ്ട്രസ് ഗവ എൽ.പി.എസ് നീരാമ്പുഴ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ "എസ്.എസ്.എ വിഹിതം നൽകൽ" എന്ന പദ്ധതിക്കായി പദ്ധതിയുടെ എറണാകുളം ജില്ലാ പ്രോജക്ട് ഓഫീസർക്ക് തുക മുൻകൂർ കൈമാറിയിരുന്നു. എന്നാൽ ഈ തുക കൈപ്പറ്റിയതിന്റെയോ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെയോ രേഖകളൊന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | സ്ഥാപനം | ബിൽ നം (T.R.N) | ചെലവ് |
|---|---|---|---|---|
| 110/23 | എസ്.എസ്.എ വിഹിതം (ജനറൽ) | ജില്ലാ പ്രോജക്ട് ഓഫീസർ , എറണാകുളം | 01/2022-23 Dtd -25/10/22 ₹200000/- & 09/2022-23 Dtd -28/03/23 ₹ 152827/- | ₹3,52,827/- |
| 165/ 23 | എസ്.എസ്.എ വിഹിതം (എസ്.സി) | ജില്ലാ പ്രോജക്ട് ഓഫീസർ എറണാകുളം | 02/2022-23 Dtd- 30/01/23 ₹.96,000/- | ₹96,000/- |
| 174/ 23 | എസ്.എസ്.എ വിഹിതം(എസ്.ടി) | ജില്ലാ പ്രോജക്ട് ഓഫീസർ, എറണാകുളം | 05/2022-23 Dtd -30/01/23 ₹.21,560/- | ₹21,560/- |

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 21 തീയതി 21/08/2023) നൽകിയത് പ്രകാരം തുക ചെലവഴിച്ചു എന്ന സാക്ഷ്യപത്രം ഹാജരാക്കിയെങ്കിലും ഇതിന്റെ വിശദാംശങ്ങളോ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും അതിനോരോന്നിനും ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. പദ്ധതിതുകയുടെ കൃത്യമായ വിനിയോഗ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പദ്ധതികൾക്കായി വിനിയോഗിച്ച ₹ 4,70,387/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 ക്യാൻസർ കെയർ- പദ്ധതിക്കായി ചെലവഴിച്ച തുകയുടെ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ - 69/23

അടങ്കൽ-₹50,000/- (തനത് ഫണ്ട്)

ചെലവ് - ₹50,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ

ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രം വഴി നടപ്പിലാക്കിയ ക്യാൻസർ കെയർ പദ്ധതിയിൽ റിക്വസിഷൻ നമ്പർ 5071000401220033 തീയതി. 27/01/2023 (വൗച്ചർ നം-22200715) വഴിയായി

ഇ-പേയ്മെന്റ് മുഖേന മെ.വിൻസിറ്റ ഹെൽത്ത് കെയർ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ₹40503/- നൽകിയിട്ടുണ്ട്. ഈ തുകയുമായി ബന്ധപ്പെട്ട രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. തുക ഏത് ആവശ്യത്തിനാണ് നൽകിയതെന്നോ, ഇതിനായി ക്വട്ടേഷൻ / ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന കാര്യങ്ങളും ലഭ്യമായിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണവും രേഖകളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നമ്പർ.24 തീയതി.21/08 /2023) രേഖകൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ പദ്ധതിയിൽ നിന്നും ചെലവഴിച്ച ₹40503/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 പാലിയേറ്റീവ് കെയർ- മരുന്ന് വാങ്ങലിനായി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ - 05/23

അടങ്കൽ-₹510,431/- (വികസനഫണ്ട്-ജനറൽ ₹510,431/-)

ചെലവ് - ₹510,431/- (വികസന ഫണ്ട് -ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ

ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രം വഴി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി നിയമാനുസൃത ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 ഖണ്ഡിക 2.3 (ബി,സി,ഡി) എന്നിവപ്രകാരം ഒരു സാമ്പത്തിക വർഷം വാങ്ങേണ്ടിവരുന്ന ആകെ സാധനങ്ങളുടേയും സേവനങ്ങളുടേയും കണക്കെടുപ്പ് നടത്തുകയും ബാധകമായ സമാഹരണരീതി പ്രകാരം വാങ്ങൽ നടത്തുന്നതിനും ഇവയുടെ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനുപകരം ഒരേ പദ്ധതിയിൽപ്പോലും ആവശ്യങ്ങൾ വിഭജിച്ച് പലതവണകളായി വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം ₹5,000/- മുകളിൽ ക്വട്ടേഷൻ വഴിയും ₹25,000/- മുകളിലുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടറിലൂടെയും ₹1,00,000/- മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയുമാണ് നടത്തേണ്ടത്. 25/08/22 ലെ ബിൽ നം. 06/2022-23 പ്രകാരം ₹9,891/- രൂപയുടെ മരുന്നുകൾ മെ.സ്വരാജ് ഫാർമയിൽ നിന്നും, 17/10/22 ലെ ബിൽ നം. 10/ 2022-23 പ്രകാരം ₹9,500/-യുടെ മരുന്നുകൾ മെ.വിൻസിറ്റ ഹെൽത്ത് കെയറിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ വാങ്ങലുകളിലൊന്നും നിയമാനുസൃത നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതു മൂലം കൂടുതൽ വിതരണക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ വാങ്ങാനുള്ള അവസരം ലഭ്യമായില്ല. കേരള സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാവേലി മെഡിക്കൽസ്, നീതി മെഡിക്കൽസ്, ജൻഔഷധി എന്നിവിടങ്ങളിൽ നിന്നും അത്യാവശ്യഘട്ടങ്ങളിൽ നേരിട്ട് മരുന്നുവാങ്ങാനാണ് സർക്കാർ അനുമതിയുള്ളത്. മാവേലി മെഡിക്കൽ സ്റ്റോർ, നീതി സ്റ്റോർ എന്നിവടങ്ങളിൽ ആവശ്യമായ സാധനങ്ങൾ ലഭ്യമായിരുന്നില്ല എന്ന വിവരവും ഉറപ്പാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22 തീയതി. 21/08/23) മറുപടി ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ അനുശാസിക്കുന്ന നിബന്ധനകൾ ഉറപ്പാക്കി മാത്രം മരുന്നുകൾ വാങ്ങുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-23 എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം- പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ

പദ്ധതി നം-166/2023

നിർവ്വഹണ ഉദ്യോഗസ്ഥ- ഹെഡ്മിസ്ട്രസ് ഗവ എൽ.പി.എസ്, നീരാമ്പുഴ

അടങ്കൽ- ₹2,00,000/-(വികസന ഫണ്ട് ജനറൽ)

ചെലവ് -₹1,84,540/-

ബിൽ നം- 03/2022-23 ₹22952/- C/o 22/12/2022

04/2022-23 ₹31959/- C/o 18/01/2023

06/2022-23 ₹38794/- C/o 20/02/2023

07/2022-23 ₹49805/- C/o 16/03/2023

08/2022-23 ₹41030/- C/o 30/03/2023

ഹെഡ് മാസ്റ്റർ ഗവ.എൽ.പി.എസ്, നീരാമ്പുഴ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനായി സാമ്പത്തിക വർഷം ₹1,84,540/- ചെലവഴിച്ചിട്ടുണ്ട്. 2022 ഡിസംബർ മാസം മുതൽ 2023 മാർച്ച് മാസം

വരെയാണ് പദ്ധതി പ്രകാരം ഭക്ഷണം വിതരണം ചെയ്തിട്ടുള്ളത്. *തനിമ കുടുംബശ്രീ കാന്റീൻ* എന്ന സ്ഥാപനമാണ് പ്രഭാത ഭക്ഷണം നൽകിയത്. സ്ഥാപനം നൽകിയ ബിൽ പ്രകാരമുള്ള തുക നിർവഹണ ഉദ്യോഗസ്ഥ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 08.11.2010 പ്രകാരം ₹5,000/- മുതൽ ക്വട്ടേഷൻ വഴിയും ₹25,000/-ക്ക് മുകളിലുള്ളവ ലിമിറ്റഡ് ടെണ്ടറിലൂടെയും ₹1,00,000/-ക്ക് മുകളിലുള്ളവ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയുമാണ് തദ്ദേശസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടത്. എന്നാൽ ഈ പദ്ധതിയിൽ പ്രസ്തുത നടപടികൾ സ്വീകരിച്ചതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഇതു മൂലം കൂടുതൽ വിതരണക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ വാങ്ങാനുള്ള അവസരം ലഭ്യമായില്ല.

2)സ്കൂൾ പ്രവൃത്തി ദിനങ്ങളിൽ എൽ.പി സ്കൂളിൽ ഭക്ഷണം എത്തിക്കാനായി ഭക്ഷണം വിതരണം ചെയ്യുന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥ കരാറിൽ ഏർപ്പെട്ടത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

3)ഗ്രാമപഞ്ചായത്തിലെ എത്ര സ്കൂളുകളിലെ വിദ്യാർത്ഥികൾക്കാണ് പദ്ധതി ആനുകൂല്യം നൽകാൻ ലക്ഷ്യമിട്ടതെന്നോ ഏതെല്ലാം സ്കൂളുകളാണ് പദ്ധതിയിൽ ഉൾപ്പെട്ടതെന്നോ ഓരോ സ്കൂളുകളിലും പദ്ധതിക്കായി തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ എണ്ണമോ പേര് വിവരമോ, വിദ്യാർത്ഥികളുടെ ക്ലാസോ സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

4) പദ്ധതിക്കാവശ്യമായ കൃത്യമായ വിവരങ്ങൾ, കുട്ടികളുടെ എണ്ണം, വിതരണം ചെയ്യേണ്ട ഭക്ഷണത്തിന്റെ മെനു, വിതരണം ചെയ്യുണ്ട സ്ഥലം, സമയം എന്നിങ്ങനെ ആവശ്യമായ കാര്യങ്ങളുടെ നോട്ടീസ് തയ്യാറാക്കാതെയും കൃത്യമായ മുന്നൊരുക്കങ്ങളൊന്നും നടത്താതെയുമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

5) ഓരോ സ്കൂളിലേയും ഓരോ പ്രവൃത്തി ദിനത്തിലേയും വിദ്യാർത്ഥികളുടെ ഹാജർ രാവിലെ തന്നെ കൃത്യമായി അറിയുവാൻ കഴിയുമെന്നിരിക്കെ ഹാജർ പരിഗണിക്കാതെ പദ്ധതി നടപ്പാക്കിയ കാലയളവിൽ മുഴുവൻ വിദ്യാർത്ഥികൾക്കുമുള്ള ഭക്ഷണച്ചെലവ് വിതരണക്കാർക്ക് നൽകി. ഹാജർ പുസ്തകം പ്രകാരം വിദ്യാർത്ഥികളുടെ എണ്ണത്തിന് അനുസരിച്ച് തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

6)പദ്ധതി നടപ്പിലാക്കിയ സ്കൂളുകളിലെ അധികൃതർ ഭക്ഷണവിതരണം സംബന്ധമായ വിവരങ്ങളൊന്നും സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിതരണം നടത്തിയ തീയതി, വിതരണം നടത്തിയ എണ്ണം എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫയലിൽ ഇത് സംബന്ധിച്ച രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. സ്ഥാപനം നിർവ്വഹണ ഉദ്യോഗസ്ഥക്ക് നൽകിയ കണക്ക് പ്രകാരമുള്ള തുക നൽകുകയാണ് ചെയ്തിട്ടുള്ളത്.

7) ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട എല്ലാ സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുമായി ബന്ധപ്പെട്ട ക്വട്ടേഷനുകളും ടെണ്ടറുകളും പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഭരണസമിതിയും അംഗീകരിച്ച ശേഷമാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ഇത്തരം അംഗീകാരം നേടിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -23 തീയതി. 21/08/23 ) നൽകിയ മറുപടിയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ക്വട്ടേഷൻ, കരാർ, ഹാജർ പോലുള്ള രേഖകൾ സ്കൂളിൽ സൂക്ഷിച്ചിട്ടുണ്ട് എന്നറിയിച്ചെങ്കിലും ഇവയൊന്നും പരിശോധനക്കായി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങളിൽ ആവശ്യമായ പരിഷ്ക്കരണങ്ങൾ വരുത്തി സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് ജി.ഒ.(പി)259/2010/എൽ.എസ്.ജി.ഡി തീയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യുയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യുയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ, രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യുയർമെന്റ് പ്ലാൻ തൻവർഷം തയ്യാറാക്കിയിട്ടില്ല. നടപ്പ് വർഷം മുതൽ ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം

സർക്കുലർ നമ്പർ ഡി എ 1/179/22 തസ്വഭവ തീയതി 10-07-2022 പ്രകാരം കെ.എസ്.ഇ.ബി, കെ ഡബ്ല്യു എ, ജി ഡബ്ല്യു ഡി എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതത് വർഷം തന്നെ പൂർത്തീകരിക്കാൻ നിർദ്ദേശിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷം മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തി തൻവർഷം പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (10/23) | 259/16.03.2023 | 650000 | 0 | 650000 |

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് വർക്ക്ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവിടങ്ങളിൽ നിക്ഷേപിച്ച തുകയുള്ള വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 4/2022-23 തീയതി, 17-08-2023) കഴിഞ്ഞ 3 വർഷങ്ങളിൽ പഞ്ചായത്ത് വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2021-22

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (96/22) | 284/24.03.2022 | 422633 | 0 | 422633/- |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ (97/22) | 289/24.03.2022 | 500000/- | 500000/- | 0 |

2019-20

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| KWA | കുടിവെള്ളപ്ലാന്റിന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ (9) | U000000754707008, U000000754707010-18.01.2020 | 1000000 | 0 | 1000000/- |

| | | | | | |
|---|---|---|---|---|---|
| KWA | ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കൽ (155) | U000000715939352, 25.09.2019 | 197000 | 0 | 197000/- |

2018-19

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| KWA | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ (82/19) | 21801115 | 1000000/- | 0 | 1000000/- |
| KSEB | വിവിധ വാർഡുകളിലെ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ (78/19) | 21801196 | 728568/- | 0 | 728568/- |

വിവിധ പ്രവൃത്തികൾക്കായി തുക കെ എസ് ഇ ബിക്ക് ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കെ.എസ്.ഇ.ബി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ചമക്കുന്നില്ല. കെ.ഡബ്ല്യു.എ കരാർ ചമച്ചിട്ടുണ്ടെങ്കിലും കരാറിൽ വ്യവസ്ഥകളൊന്നും രേഖപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ തന്നെ തദ്ദേശസ്വയംഭരണസ്ഥാപനവും, വൈദ്യുതി ബോർഡും തമ്മിൽ കരാർ വെക്കണമെന്ന് സർക്കുലർ നം. 40308/ഡി പി/03 ത.സ്വ.ഭ.വ തീയതി 21.08.2003 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

വാർഷിക കണക്കുകൾ പ്രകാരം വാട്ടർ അതോറിറ്റിയിൽ ₹3,37,886/-യും കെ.എസ്.ഇ.ബിക്ക് ₹15,72,633/-യും അഡ്വാൻസായി നല്കിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ തുകയുടെ കൃത്യത വ്യക്തമാകുന്നില്ല. തൻ വർഷം ഡെപ്പോസിറ്റ് ചെയ്ത തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ചുരുക്കത്തിൽ മുൻ വർഷങ്ങളിൽ എത്ര രൂപ വിവിധ നിർവ്വഹണ ഏജൻസികൾക്ക് നല്കിയിട്ടുണ്ടെന്നോ അവയിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളതെന്നോ എത്ര രൂപ തിരികെ ഈടാക്കേണ്ടതുണ്ടെന്നുള്ളതും സംബന്ധിച്ച് പഞ്ചായത്തിന് യാതൊരു കണക്കുകളോ രേഖകളോ ഇല്ല. വിവിധ പ്രവൃത്തികൾക്കായി തുക നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് ചെയ്ത വേളയിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണ ഏജൻസികളുമായി കരാർ ചമക്കാത്തതിനാൽ നിയമ നടപടികൾ സ്വീകരിക്കാനാവില്ല. നിർവ്വഹണ ഏജൻസികൾ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

1-26 വാതിൽപ്പടി സേവനം നടപ്പാക്കുന്നതിൽ വീഴ്ച

പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്ര്യം തുടങ്ങിയ പലവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവരുടെയും അറിവില്ലായ്മ, മറ്റ് നിസ്സാഹായാവസ്ഥ എന്നിവ മൂലം സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങൾക്ക് കൂടുതൽ സുഗമവും സമയബന്ധിതവുമായി സഹായം എത്തിക്കാനാണ് വാതിൽപ്പടി സേവനം എന്ന ആശയത്തിന് സർക്കാർ രൂപം നൽകിയത്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ സാമൂഹിക നീതി വകുപ്പിന്റെയും സന്നദ്ധ സേവകരുടെയും സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹിക സുരക്ഷ പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായത്തിനുള്ള അപേക്ഷ, ജീവൻ രക്ഷാമരുന്നുകൾ എത്തിക്കൽ ഉൾപ്പെടെയുള്ള സേവനങ്ങൾ ആവശ്യക്കാരുടെ അടുത്തേക്ക് ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പഞ്ചായത്തിൽ 6പേരടങ്ങുന്ന സന്നദ്ധപ്രവർത്തകരുടെ ലിസ്റ്റ് പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവരുടെ വിശദാംശങ്ങൾ സംബന്ധിച്ച പോലീസ് വെരിഫിക്കേഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി ലിസ്റ്റിന് അന്തിമ രൂപം നൽകിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 30.12.2022-ലെ 4(1)-ാം നമ്പർ തീരുമാനം പ്രകാരം വാതിൽപ്പടി സേവനത്തിന് അർഹതയുള്ള 96 ഗുണഭോക്താക്കളുടെ പട്ടികയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ, നാളിതുവരെ പദ്ധതിയിലൂടെ ഒരു ഗുണഭോക്താവിനുപോലും സേവനം നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പദ്ധതി ഊർജ്ജിതപ്പെടുത്തി അവശത അനുഭവിക്കുന്നവർക്ക് ആവശ്യമായ സേവനം സമയബന്ധിതമായി നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ വെള്ളക്കരം അടവാക്കിയിട്ടും കുടിശ്ശിക കുറവ് ചെയ്തിട്ടില്ല

ജല അതോറിറ്റിയുടെ 29.07.2022ലെ എ/HO/RMC/R4/120/22 കത്ത് പ്രകാരം 1/2018 മുതൽ 6/22 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി കണക്കാക്കുമ്പോൾ ₹27,02,137/- പഞ്ചായത്ത് അടവാക്കേണ്ടതുണ്ട്. തുക അടവാക്കുന്ന മുറക്ക് 6/22 വരെ ലെഡ്ജറിൽ ബാലൻസ് നിൽക്കുന്ന മുഴുവൻ കുടിശ്ശികയും ഒഴിവാക്കി നല്കുന്നതാണെന്ന് വാട്ടർ അതോറിറ്റി ഫിനാൻസ് മാനേജർ അറിയിച്ചിട്ടുണ്ട്. അതിൻ പ്രകാരം ₹27,02,137/- പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി | ഫണ്ട് ഇനം | അടവാക്കിയ തുക(₹) |
|---|---|---|
| 171/22 വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ | സി എഫ് സി ഗ്രാന്റ് ടൈഡ് | 1396600/- ( XVFC/2022-23/p/3/29.11.22 |
| | മെയിന്റനൻസ് ഗ്രാന്റ് | 200000/- (RBI 3332258716180/28.11.22) |
| | തനത് ഫണ്ട് | 487225/- (ICICR 22022120500011587/28.11.22) |
| 113/22 വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ | സി എഫ് സി ഗ്രാന്റ് ടൈഡ് | 619312/- (RBI 3332258716181/28.11.22) |
| | ആകെ | ₹2702137/- |

എന്നാൽ തുടർന്നു വരുന്ന മാസങ്ങളിൽ വരുന്ന ബില്ലിലും ഭീമമായ കുടിശ്ശിക തുകയും ഫൈനും ഡിമാന്റ് ചെയ്തിട്ടുള്ളതായി കാണുന്നു. ഇത്തരത്തിൽ പണം അടവാക്കിയിട്ടും കുടിശ്ശിക പൂർണ്ണമായും ഒഴിവാക്കാത്ത ജല അതോറിറ്റിയുടെ നടപടിക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറി നം 25/21.08.23 ന് മറുപടി നല്കിയിട്ടില്ല. ബില്ല് പ്രകാരം 39 ടാപ്പുകൾക്കാണ് കരം അടക്കുന്നത്. ജി ഒ ആർ ടി)2242/2011 തസ്വഭവ 28/09/11 ലെ ഉത്തരവുപ്രകാരം സംയുക്ത പരിശോധന പൂർത്തിയാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് പരിശോധന പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു.എന്നാൽ ഗ്രാമപഞ്ചായത്ത് നാളിതുവരെ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയിട്ടില്ല.സ.ഉ (സാധാ) നം.1275/09 തീയതി 30.05.2009 പ്രകാരം പുറപ്പെടുവിച്ച കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, കാര്യക്ഷമമാക്കൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്.

1-28 സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച

സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മുൻകരുതൽ സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11(1) മുതൽ (6) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാം. പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കാണുന്ന പ്രോജക്ടുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ചില പൊതു മരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | വകയിരുത്തിയ തുക(₹) | ഫണ്ടിനം(₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 51/23 | മഹിള സമാജം മുറ്റം ലെവൽ ചെയത് സ്റ്റെപ്പ് കെട്ടൽ | 1,14,400/- | വികസന ഫണ്ട് ജനറൽ 24,400/- ധനകാര്യകമ്മിഷൻ അവാർഡ് 90,000/- |
| 2 | 55/23 | ടേക്ക് എ ബ്രേക്ക് | 4,50,000/- | മറ്റുള്ളവ |
| 3 | 56/23 | റോഡ് കണക്ടിവിറ്റി മാപ്പ് | 39,000/- | തനത് ഫണ്ട് |
| 4 | 153/23 | സുജലം ചന്തതോട് ശുചിയാക്കി സംരക്ഷിക്കൽ | 16,17,000/- | ധനകാര്യകമ്മിഷൻ അവാർഡ് |
| 5 | 42/23 | തെക്കേമല കാലേക്കാട് റോഡ്റീടാറിംഗ് | 2,50,000/- | സംരക്ഷണഗ്രാന്റ് റോഡ് |
| 6 | 1122/23 | ടാക്സി സ്റ്റാൻഡിൽ ശുചിമുറി നിർമ്മാണം | 3,00,000/- | സംരക്ഷണഗ്രാന്റ് റോഡിതരം |

മേൽ പദ്ധതികൾ ആവശ്യമില്ലാത്തതാണെങ്കിൽ ഒഴിവാക്കേണ്ടതും ആവശ്യമാണെങ്കിൽ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്

## 1-29 തരിശ് ഭൂമിയിൽ നെൽകൃഷി-മാർഗ്ഗരേഖനിബന്ധനകൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/തീയതി | 106/23 തരിശ് നെൽ കൃഷി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫിസർ |
| അടങ്കൽ | ₹90000/- |
| ചെലവ് തുക | ₹90000/- |
| ബിൽ നമ്പർ/ തീയതി | 1)2/22-23/07.12.2022 – ₹30000/-<br>2)6/22-23/31.12.2022 – ₹2000/-<br>3)8/22-23/31.12.2023 – ₹24000/-<br>4)9/22-23/31.12.2023 – ₹24000/-<br>ഗുണഭോക്തൃ വിഹിതം- ₹10000/- |

തരിശ് ഭൂമിയിലെ നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 10 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്യാത്തിട്ടില്ലാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. ആനുകൂല്യം രണ്ടു തവണകളായി നൽകാവുന്നതാണ്. ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കു ശേഷവും നൽകാവുന്നതാണ്. കൃഷി ഓഫീസർ നടപ്പിലാക്കിയ തരിശു ഭൂമി കൃഷി പ്രോത്സാഹനം എന്ന പദ്ധതിയിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. രണ്ടാം തവണ ആനുകൂല്യം നൽകിയപ്പോൾ പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ഇല്ല. കൂടാതെ തരിശു ഭൂമി സംബന്ധിച്ച കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-5/18.08.2013) ലഭ്യമാക്കിയ മറുപടി, തരിശ് ഭൂമിയാണെന്ന് ഉറപ്പ് വരുത്തിയാണ് ആനുകൂല്യം നൽകിയതെന്നാണ്. പദ്ധതികൾ നടപ്പാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകളില്ലാതെ പദ്ധതി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-30 കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി -അപാകത

| | |
|---|---|
| പ്രൊജക്ട് | 97/23, കാലിത്തീറ്റ സബ്സിഡി കറവ പശുക്കൾക്ക് |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹8,71,750/-(വികസന ഫണ്ട് പൊതുവിഭാഗം- ₹3,96,250/-)<br>(ഗുണഭോക്തൃ വിഹിതം- ₹4,75,500/-) |
| ചെലവ് | ₹3,92,500/- (വികസന ഫണ്ട് പൊതുവിഭാഗം)<br>₹4,71,000/- (ഗുണഭോക്തൃ വിഹിതം)<br>----------<br>₹8,63,500/- |

| | |
|---|---|
| ടി.ആർ.എൻ. നമ്പർ/തീയതി | 1)₹1,25,000/- 221202000000012547/ 29.12.2022<br>2)₹1,25,000/- 221202000000014834/ 10.02.2023<br>3)₹1,25,000/- 221202000000015909/ 03.03.2023<br>4)17,500/- 221202000000017277/ 22.03.2023 |

കറവയുള്ള പശുവിന് ഒരു മാസം പരമാവധി 100 കി ഗ്രാം കാലിത്തീറ്റ എന്ന കണക്കിൽ ഗുണഭോക്താക്കൾക്ക് 50% സബ്സിഡിയോടുകൂടി (പരമാവധി ₹10,000/-) കാലിത്തീറ്റ ലഭ്യമാക്കുകയാണ് പ്രൊജക്ടിന്റെ ലക്ഷ്യം. 2022-23 സാമ്പത്തിക വർഷം കേരള ഫീഡ്സ് തൃശ്ശൂർ നിന്നും 628 Bag കാലിത്തീറ്റ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഇതിനായി ₹8,63,500/- കേരള ഫീഡ്സ് ലിമിറ്റഡ്, കല്ലേറ്റുംകര- യ്ക്ക് കൈമാറിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കാലിത്തീറ്റ ഗുണഭോക്താക്കൾക്ക് ലഭിച്ചുവെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. എന്നാൽ ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി-10/2022-23 /18.08.2023 നൽകിയതിനെ തുടർന്ന് വിതരണ രജിസ്റ്റർ തയ്യാറാക്കി ഗുണഭോക്താക്കളെ കൊണ്ട് ഒപ്പ് രേഖപ്പെടുത്തി ഹാജരാക്കിയിരുന്നു.

2) പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഫയലിനോടൊപ്പം ലഭ്യമാക്കിയിരുന്നുവെങ്കിലും എത്ര ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടവാക്കിയെന്നും ഓരോ ഗുണഭോക്താക്കളും ആകെ എത്ര തുക അടച്ചുവെന്നും വ്യക്തമല്ല. തുക അടവാക്കിയ എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതി അനുകൂല്യം ലഭ്യമായോയെന്നും വ്യക്തമല്ല.

മേൽ സൂചിപ്പിച്ച അപാകതകൾ ഇല്ലാതിരിക്കുന്നതിന് ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

1-31 മൃഗാശുപത്രിയിലേക്ക് ഫർണീച്ചർ-കയറ്റിറക്ക് തുക നൽകി

| | |
|---|---|
| പ്രൊജക്ട് | 92/23, മൃഗാശുപത്രിയിലേക്ക് ഫർണീച്ചർ |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹1,00,000 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| ചെലവ് | ₹1,00,000/- |
| ടി.ആർ.എൻ. നമ്പർ/തീയതി | ₹1,00,000/-221202000000018167 /28.03.2023 |

2022-23 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മൃഗാശുപത്രിയിലേക്ക് ഫർണീച്ചർ വാങ്ങൽ എന്ന പദ്ധതിയിൽ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ₹1,00,000/-ക്ക് സ്റ്റീൽ അലമാര, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങിയിരുന്നു. ആർട്കോയിൽ നിന്നും ലഭ്യമാക്കിയ ഇൻവോയ്സിൽ (നമ്പർ/തീയതി-സി.ആർ.ഒ/22-23/317/21.03.2023) ₹1,00,000/-യിൽ ₹2,709/- ലോഡിംഗ് & അൺലോഡിംഗ് ഇനത്തിൽ ചാർജ് ചെയ്തതായി കാണുന്നു. ഇത്തരം ചാർജ്ജുകൾ ഒഴിവാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട സ്ഥാപനവുമായി നെഗോസിയേഷൻ നടത്താവുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-32 വൃദ്ധ ജനങ്ങൾക്ക് കട്ടിൽ നൽകിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് | 77/23, വൃദ്ധ ജനങ്ങൾക്ക് കട്ടിൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | ₹4,00,200/- (പ്ലാൻ ഫണ്ട്) |
| ചെലവ് | ₹3,98,220/- |
| ബിൽ നമ്പർ/തീയതി | 12/2022-23/27.03.2023 |

2022-23 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വൃദ്ധ ജനങ്ങൾക്ക് കട്ടിൽ പദ്ധതിയിൽ 96 കട്ടിൽ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് അപകാതകൾ കാണുന്നു.

കണ്ടത്തിചിറയിൽ ട്രേഡ് ലിങ്ക്, തലയാഴം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ₹4140/- നിരക്കിൽ കട്ടിൽ വാങ്ങി നൽകിയത്. ടെൻഡർ നടപടി സ്വീകരിച്ചാണ് മേൽ പദ്ധതി നടപ്പിലാക്കിയത്. പ്രൊജക്ടിന്റെ പരിശോധനയിൽ വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയത്. സ.ഉ(പി)നം.07/2019/SPD തീയതി 26-04-2019 പ്രകാരം ₹25000/- യ്ക്ക് മുകളിലുള്ള വാങ്ങലുകൾ നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ

ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കട്ടിൽ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ഇല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ GeM ൽ ലഭ്യമല്ല എന്ന് ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്. ആയത് രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇത്തരം അപാകതകൾ ഇല്ലാതിരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് / തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. | ജീവനക്കാരുടെ പേര് /തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം./ അർദ്ധ വാർഷിക വരുമാനം | അർദ്ധ വർഷം | ഈടാക്കിയ തൊഴിൽ നികുതി/ രസീതു നം. | ഈടാക്കേണ്ട തൊഴിൽ നികുതി(₹) | ഈടാക്കിയതിൽ കുറവ്(₹) |
|---|---|---|---|---|---|---|
| 1 | കാർമൽ പബ്ലിക് സ്കൂൾ/23 | രഞ്ജിത.പി.ആർ/65 ₹77,200/- | ഒന്നാം അർദ്ധ വർഷം | ₹600/- 1220101544/ 30.08.2022 | 750/- | 150/- |
| | | ബിജിമോൾ/12 ₹1,02,900/- | രണ്ടാം അർദ്ധ വർഷം | ₹750/- 1220105409/ 01.03.23 | ₹1,000/- | 250/- |
| | | നീതു ഫ്രാൻസിസ് /13 ₹1,02,300/- | രണ്ടാം അർദ്ധ വർഷം | ₹750/- 1220105408/ 01.03.23 | ₹1,000/- | 250/- |
| | | ശ്രീജ മനോജ്/14 ₹96,600/- | രണ്ടാം അർദ്ധ വർഷം | ₹600/- 1220105408/ 01.03.23 | 750/- | 150/- |
| | | സിന്ധു സ്കറിയ /15 ₹96,000/- | രണ്ടാം അർദ്ധ വർഷം | ₹600/- 1220105408/ 01.03.23 | 750/- | 150/- |
| | | സോജ സി.എസ് /16 ₹96,000/- | രണ്ടാം അർദ്ധ വർഷം | ₹600/- 1220105408/ 01.03.23 | 750/- | 150/- |
| | | ഉത്തമൻ/5 ₹75,900/- | രണ്ടാം അർദ്ധ വർഷം | ₹600/- 1220105407/ 01.03.2023 | 750/- | 150/- |
| 2 | ഫെഡറൽ ബാങ്ക്, വാഴക്കുളം/35 | ജിഷ ജോർജ്/8 ₹1,31,556/- | ഒന്നാം അർദ്ധ വർഷം | ₹1000/- 1220101557/ 31.08.22 | 1250/- | 250/- |
| 3 | മിൽക്ക് കോ ഓപ്പറേറ്റീവ് സോസൈറ്റി, മഞ്ഞള്ളൂർ/44 | ജീന സേവ്യർ/1 ₹66,000/- | ഒന്നാം അർദ്ധ വർഷം | ₹450/- 1220101101/ 30.09.22 | 600/- | 150/- |

| | | | | | | |
|---|---|---|---|---|---|---|
| 4 | മൈക്രോൺ ടൂളിംഗ്, മടക്കത്താനം/53 | അഭിമന്യ കെ.എസ്/1 ₹75,500/- | രണ്ടാം അർദ്ധ വർഷം | ₹600/- 1220105034/ 13.03.23 | 750/- | 150/- |
| 5 | ന്യൂ കെയർ ഹൈജീൻ സോല്യൂഷൻസ്/55 | ലയ ഷൈജൻ /54 ₹54,000/- | രണ്ടാം അർദ്ധ വർഷം | ₹300/- 1220105376/ 28.02.23 | 450/- | 150/- |
| 6 | ചന്തു ഫ്യൂവൽസ്/63 | അഭിജിത്ത്/2 ₹60,000/- | ഒന്നാം അർദ്ധ വർഷം | ₹450/- 1220102128/ 12.10.22 | 600/- | 150/- |
| | | ഗോപി/3 ₹60,000/- | ഒന്നാം അർദ്ധ വർഷം | ₹450/- 1220102128/ 12.10.22 | 600/- | 150/- |
| | | പോൾ/4 ₹60,000/- | ഒന്നാം അർദ്ധ വർഷം | ₹450 1220102128/ 12.10.22 | 600 | 150/- |
| 7 | ഹോട്ടൽ വുഡ് ലാൻഡ്സ്/80 | രവി .എച്ച്.ആർ/2 102000 | ഒന്നും രണ്ടും അർദ്ധ വർഷം | ₹1500/- (750+750) 1220105616/ 13.03.23 1220104975/ 10.02.23 | 2000/- (1000+1000) | 500/- |
| | ആകെ | | | | | ₹2900/- |

2)ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി യിലെ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തേക്കുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര്/തസ്തിക | അർദ്ധവാർഷിക വരുമാനം(ഒന്നാം അർദ്ധ വർഷം)(₹) | അർദ്ധവാർഷിക വരുമാനം(രണ്ടാം അർദ്ധ വർഷം)(₹) | ഈടാക്കേണ്ട തൊഴിൽ നികുതി(₹) |
|---|---|---|---|---|
| 1 | ലയ ജോസ്/ ഫാർമസിസ്റ്റ് | 1,19,070/- | 1,21,500/- | 1000+1000=2000/- |
| 2 | ഷാമിള .ടി.ജെ /ലാബ് ടെക്നിഷ്യൻ | ------ | 65,450/- | 600/- |
| | ആകെ | | | 2600/- |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/16.8.23) ലഭ്യമായ മറുപടിയിൽ അപാകതകൾ ചൂണ്ടിക്കാട്ടി സ്ഥാപനമേധാവികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തൊഴിൽ നികുതി ഒടുക്ക് വരുത്തിക്കഴിയുമ്പോൾ രസീത് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുക ₹5500/- ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(₹) | പ്രൊജക്ടിന്റെ പേര് | ചെലവ്(₹) | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 75,000/- | ക്ഷീരകർഷകർക്ക് പാൽവില സബ്സിഡി (18/23) | 75,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (76/23) | 1,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,28,000/- | സമഗ്ര നെൽകൃഷി വികസനം (62/23) | 1,28,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 24,000/- | തരിശ് നെൽകൃഷി (106/23) | 24,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 3,00,000/- | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (98/23) | 3,00,000/- | 0 |
| ആകെ | | 6,27,000/- | ആകെ | 6,27,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,25,000/- | ക്ഷീര കർഷകർക്ക് പാൽവില സബ്സിഡി (18/23) | 1,25,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 223000 | ലൈഫ് മിഷൻ പദ്ധതി- എസ് റ്റി (183/23) | 2,23,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 56,000/- | സമഗ്ര നെൽകൃഷി വികസനം (62/23) | 56,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 24,000/- | തരിശ് നെൽകൃഷി (106/23) | 24,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 280,000/- | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (78/23 | 2,80,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 36,667/- | ലൈഫ് മിഷൻ പദ്ധതി-17/23 | 36,667/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,50,000/- | ശാരീരിക മാനസിക | 2,50,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (76/23 | | |
| ആകെ | | 9,94,667/- | | 9,94,667/- | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (10/23) | 259/ 16.03.2023 | 6,50,000/- | 0 | 6,50,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക(₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക(₹) | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് (KURDFC) | GO(Ms)68/2018 /LSGD/ 18.5.2018 | 0 | 59,09,969/- | 7,71,598/- | 0 | 51,38,371/- |

S0179/23, S0186/23, S0178/23, S0185/23, എന്നീ ജി.ഒ പ്രോജക്ടുകൾ മുഖേനയാണ് തൻവർഷം വായ്പാ തുക തിരിച്ചടച്ചത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 13 | 2003-04 | 14 | വനിതവ്യവസായ യൂണിറ്റുകൾക്ക് | പഞ്ചായത്തിന് നഷ്ടം സംഭവിച്ച |

| | | | | | |
|---|---|---|---|---|---|
| | | | | ഉപകരണങ്ങൾ വിതരണം ചെയ്തത് അധിക ചെലവ് ₹66,130/- | ₹66,130/- റിക്കവറി നടപടിയിലൂടെ ഈടാക്കിയിട്ടുണ്ട് |
| 2014-15 | 2(1) | 2016-17 | 2(1) അനുബന്ധം 4 | തൊഴിൽനികുതി ഈടാക്കിയില്ല | തുക മുഴുവൻ ഈടാക്കിയിട്ടുണ്ട് |
| 2015-16 | 2(1) | 2016-17 | 2(1) അനുബന്ധം 5 | തൊഴിൽ നികുതി ഈടാക്കിയില്ല | ₹48,900/-യുടെ പരാമർശം ഉള്ളതിൽ ₹42,650/- ഈടാക്കി. മറ്റ സ്ഥാപനങ്ങൾ പ്രവർത്തി ക്കാത്തതിനാൽ ₹6,250/- ഈടാക്കാൻ കഴിഞ്ഞിട്ടില്ല |

4-9 ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹35291727.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹34772397.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹5500.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 610890.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 1400/- | ജയശ്രീ. എസ്, സെക്രട്ടറി |
| | 150/- | റോസമ്മ കെ.ജെ, അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) |
| | 3950/- | ഷൈജു വർഗ്ഗീസ്, സെക്രട്ടറി |
| ആകെ | 5500/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1,00,000/- | ഡോ.റാണി ലക്ഷ്മി മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-20 | 4,70,387/- | ശ്രീമതി. സിന്നിയ ദാനിയേൽ, ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്, നീരാമ്പുഴ |
| 1-21 | 40,503/- | ഡോ. ജയമോൾ വി. ജെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 6,10,890/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയശ്രീ .എസ്,<br>സെക്രട്ടറി | വിരമിച്ചു | അഭിജയ നിലമ,<br>ഊക്കോട്. പി.ഒ,<br>കല്ലിയൂർ,<br>തിരുവനന്തപുരം |
| റോസമ്മ കെ.ജെ,<br>സെക്രട്ടറി ഇൻ ചാർജ് | വിരമിച്ചു | കാവുപുറത്ത് വീട്,<br>കാഞ്ഞാർ. പി.ഒ,<br>ഇടുക്കി |
| ഷൈജുവർഗീസ്,<br>സെക്രട്ടറി | സെക്രട്ടറി,<br>മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | മുട്ടംപുറത്ത് കദളിക്കാട്,<br>എറണാകുളം |
| ഡോ.റാണി ലക്ഷ്മി<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | മെഡിക്കൽ ഓഫീസർ,<br>ഗവ.ഹോമിയോ<br>ഡിസ്പെൻസറി,<br>നെല്ലാപാറ | മംഗലമുണ്ടക്കൽ,<br>തൊടുപുഴ ഈസ്റ്റ്,<br>പി.ഒ, ഇടുക്കി |
| സിന്നിയ ദാനിയേൽ,<br>ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, നീറമ്പുഴ<br>എൽ.പി.എസ് | കണ്ടത്തിൻപ്ലാക്കൽ,<br>മണക്കാട് പി.ഒ, തൊടുപുഴ |
| ഡോ.ജയമോൾ വി. ജെ,<br>മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി, മഞ്ഞള്ളൂർ | കരിമുണ്ടക്കൽ വീട്, വെങ്ങല്ലൂർ<br>പി.ഒ,<br>തൊടുപുഴ |

4-11 തീർപ്പാക്കനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(1) തീയതി 24.07.2019 |
| 2001-02 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(2) തീയതി 24.07.2019 |
| 2002-2003dcb | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(3) തീയതി 24.07.2019 |
| 2002-2003exp | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(4) തീയതി 24.07.2019 |
| 2003-04 | എൽ.എഫ്.എം.(പി5)92/07 തീയതി 01.07.2011 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(5) തീയതി 24.07.2019 |
| 2006-07 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(6) തീയതി 24.07.2019 |
| 2007-2008 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(7) തീയതി 24.07.2019 |
| 2008-2009 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(8) തീയതി 24.07.2019 |
| 2009-10 | എൽ.എഫ്.ഇ/പി5/1367 തീയതി 15.01.2013 |
| 2010-11 2011-12 | കെ.എസ്.എ-ഇ.കെ.എം.(പി8)716/16 തീയതി 16.02.2016 |
| 2012-13<br>2013-14 | എൽ.എഫ്.എ/പി8/1904/14 തീയതി 12.02.2013 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം./പി8/1872 തീയതി 23.07.18 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം./പി8/1973 തീയതി 23.07.2018 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം./പി8/388/19 തീയതി 17.07.2019 |
| 2018-2019 | കെ.എസ്.എ.ഇ.കെ.എം(പി8)284/2020 തീയതി.06.07.2020 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി8)1556/2021 തീയതി.06.04.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(പി8)1557/2021 തീയതി.06.04.2022 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം(പി8)1763/2022 തീയതി.16.11.2022 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 27-06-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Manjallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Manjallur Grama Panchayat for the year 2022-2023

Date: 15/11/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Manjallur Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

4. Non inclusion of Notes on accounts in Financial statements and non disclosure of material facts.

5. Generation of financial reports showing contradictory information due to non integration of Accounting software with other related softwares.

**2.Other Observations**

1. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2. Non inclusion of ratios along with the financial statements.
3. Value of stock was not included in AFS.

4. Property Tax demand register does not match with financial statements.

5. Lapses in making timely and accurate demand entries in respect of property tax.

6. Deposit register does not match with financial statements.

7. The supporting details of balance in block and district panchayath share for Joint Venture projects are not provided with the AFS.
8. Advance register does not match with financial statements.

9. Lack of authenticated journal vouchers for supporting the adjustment entries recorded in prior period items.
10. Not providing adequate provision for doubtful debts.

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്